STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.491/PR/SPMC/PHQ/2026 Date:14.10.2026

# പത്രക്കുറിപ്പ്

## ബാങ്ക് പെൻഷൻകാർക്ക് മുന്നറിയിപ്പ്: ലൈഫ് സർട്ടിഫിക്കറ്റിന്റെ പേരിൽ പുതിയ സൈബർ തട്ടിപ്പ്; വ്യാജ എ.പി.കെ ഫയലുകൾ ഉപയോഗിച്ച് പണം തട്ടുന്നു

ബാങ്ക് പെൻഷൻകാരെ ലക്ഷ്യമാക്കി പുതിയ സൈബർ തട്ടിപ്പ് സജീവമാകുന്നതായി പോലീസിന്റെ മുന്നറിയിപ്പ്. വിരമിച്ച ബാങ്ക് ജീവനക്കാരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കാമെന്ന വ്യാജേനയാണ് തട്ടിപ്പുകാർ രംഗത്തെത്തിയിരിക്കുന്നത്. ഫേസ്ബുക്ക് പോലുള്ള സാമൂഹിക മാധ്യമങ്ങളിൽ ഇത് സംബന്ധിച്ച് വ്യാജ പരസ്യങ്ങളും ലിങ്കുകളും പ്രചരിക്കുന്നുണ്ട്. ബാങ്കിന്റെ ഔദ്യോഗിക പേരും ചിഹ്നവും ദുരുപയോഗം ചെയ്ത് വിശ്വാസം നേടിയെടുക്കുന്ന തട്ടിപ്പുകാർ, തുടർന്ന് വ്യാജ മൊബൈൽ ആപ്ലിക്കേഷനായ എ.പി.കെ ഫയൽ ഇൻസ്റ്റാൾ ചെയ്യിപ്പിച്ചാണ് അക്കൗണ്ടുകളിൽനിന്ന് പണം തട്ടിയെടുക്കുന്നത്.

പെൻഷൻകാർക്ക് ഓൺലൈനായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാമെന്ന വ്യാജ ലിങ്കുകൾ ഫേസ്ബുക്കിൽ പ്രചരിപ്പിച്ചാണ് തട്ടിപ്പിന്റെ തുടക്കം. ഈ ലിങ്കുകളിൽ പ്രവേശിച്ച് വിവരങ്ങൾ നൽകുന്നവരെ ബാങ്ക് പ്രതിനിധികളെന്ന വ്യാജേന തട്ടിപ്പുകാർ ഫോണിൽ ബന്ധപ്പെടുന്നു. ബാങ്കിന്റെ ലോഗോയുള്ള വാട്സ്ആപ്പ് പ്രൊഫൈലുകൾ ഉപയോഗിച്ച് സന്ദേശങ്ങൾ അയക്കുന്നതിനാൽ സാധാരണക്കാർ ഇത് യഥാർത്ഥ ബാങ്ക് സേവനമാണെന്ന് തെറ്റിദ്ധരിക്കാൻ ഇടയാക്കുന്നു. തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് നടപടികൾ പൂർത്തിയാക്കാനെന്ന പേരിൽ എ.പി.കെ ഫയൽ അയച്ചുനൽകുകയും, ഇത് ഇൻസ്റ്റാൾ ചെയ്യുന്നതോടെ ഫോണിലെ വിവരങ്ങളും സാമ്പത്തിക ഇടപാടുകളും തട്ടിപ്പുകാരുടെ നിയന്ത്രണത്തിലാവുകയും ചെയ്യുന്നു.

ഈ തട്ടിപ്പിൽനിന്ന് രക്ഷനേടാനായി പൊതുജനങ്ങൾ, പ്രത്യേകിച്ച് പെൻഷൻകാർ കർശന മുൻകരുതലുകൾ സ്വീകരിക്കുക.

ഫേസ്ബുക്കിലോ വാട്സ്ആപ്പിലോ ലഭിക്കുന്ന ലിങ്കുകൾ വഴി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കരുത്. ബന്ധപ്പെട്ട ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റോ അംഗീകൃത സംവിധാനങ്ങളോ മാത്രം ഉപയോഗിക്കുക. അപരിചിതർ അയക്കുന്ന എ.പി.കെ ഫയലുകൾ യാതൊരു കാരണവശാലും ഇൻസ്റ്റാൾ ചെയ്യരുത്. ബാങ്കിന്റെ ലോഗോ കണ്ടതുകൊണ്ടുമാത്രം വാട്സ്ആപ്പ് സന്ദേശങ്ങൾ വിശ്വസിക്കരുത്. ഒടിപി, പിൻ നമ്പറുകൾ, പാസ്‌വേഡുകൾ, കാർഡ് വിവരങ്ങൾ, ഇന്റർനെറ്റ് ബാങ്കിങ് വിവരങ്ങൾ എന്നിവ ആരുമായും പങ്കുവെക്കരുത്. സംശയകരമായ

ഫോൺവിളികളോ സന്ദേശങ്ങളോ ലഭിച്ചാൽ ബാങ്കിന്റെ ഔദ്യോഗിക നമ്പറിൽ നേരിട്ട് ബന്ധപ്പെട്ട് സ്ഥിരീകരിക്കേണ്ടതാണ്.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ തന്നെ 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ്സൈറ്റ് വഴിയോ പരാതി നൽകേണ്ടതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*******************************************